പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2881 . 22.02.2016 –ൽ മറുപടിക്ക്

തീറ്റപ്പുൽ കൃഷിവികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തീറ്റപ്പുൽ കൃഷി വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) പോഷകമൂല്യമുള്ള തീറ്റപ്പുല്ലിന്റെ ലഭ്യത ഉറപ്പാക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും കാലിത്തീറ്റച്ചെലവ് കുറച്ച് പാലുല്പാദനച്ചെലവ് കുറയ്ക്കുന്നതിനും വേണ്ടി തീറ്റപ്പുൽക്കൃഷി വികസന പരിപാടി നടത്തിവരുന്നു. ശാസ്ത്രീയവും ചെലവുകുറഞ്ഞതുമായ രീതിയിൽ, തീറ്റപ്പുൽകൃഷി വികസന പദ്ധതിയിലൂടെ, തീറ്റപ്പുൽക്കടകൾ സൗജന്യമായി ക്ഷീരകർഷകർക്ക് നല്കുകയും, അതുവഴി വർഷം മുഴുവൻ ദൗർലഭ്യമില്ലാതെ തീറ്റപ്പുല്ല് ലഭ്യമാക്കുന്നതിനുള്ള നടപടികളും കൈക്കൊള്ളുന്നു. തീറ്റപ്പുൽക്കൃഷി വികസന പദ്ധതിയിലൂടെ 20 സെന്റിനു മുകളിലും, 20 സെന്റിനു താഴെയും പുൽകൃഷി നടപ്പാക്കുന്നതിന് ധനസഹായം നല്കുന്നു. 20 സെന്റിന് മുകളിൽ കൃഷി ചെയ്യുന്നവർക്ക് കൃഷിച്ചെലവും ധനസഹായമായി നല്കുന്നുണ്ട്. തീറ്റപ്പുൽകൃഷിയുടെ പ്രാധാന്യവും ആയതിന്റെ ആവശ്യകതയും കർഷകരെ ബോധ്യപ്പെടുത്തുന്നതിനായി തീറ്റപ്പുൽക്കൃഷി വികസനപദ്ധതിയിലൂടെ ഫോഡർ സെമിനാറുകൾ, ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സംഘടിപ്പിക്കുന്നു. അസോള, ചോളം എന്നിവ കൃഷി ചെയ്യുന്നതിന് സബ്സിഡി നല്കുന്നു. സ്ത്രീകൾക്കു മാത്രമായുള്ള സ്വയംസഹായ ഗ്രൂപ്പായ ഗോപാലികയിലൂടെ വനിതകൾക്ക് പുൽകൃഷി ഉത്പാദനവും വിപണനവും നടത്തുന്നതിന് ആവശ്യമായ ധനസഹായം |

നല്കുന്നു. കൂടാതെ ഹൈടെക് തീറ്റപ്പുൽകൃഷിയ്ക്കും, ജലസേചനസൗകര്യം മെച്ചപ്പെടുത്തുന്നതിനും വകുപ്പ് പ്രോത്സാഹനം നല്കിവരുന്നു. മിൽമയുടെ മേഖലാ യൂണിയനുകളും തീറ്റപ്പുൽക്കൃഷിക്കായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മണ്ണിലെ ഈർപ്പവും ഫലഭൂയിഷ്ഠതയും നിലനിർത്തുക, ഗ്രീൻ ഇന്ത്യാ പദ്ധതിയുടെ ഭാഗമായി വൃക്ഷച്ചെടികൾ നട്ടുപിടിപ്പിക്കുക എന്നിവയും തീറ്റപ്പുൽക്കൃഷിയുടെ ഉദ്ദേശ്യ-ലക്ഷ്യങ്ങളാണ്.

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?.

(സി) ക്ഷീരവികസന വകുപ്പ് നടപ്പുവർഷം 500 ലക്ഷം രൂപയുടെ പദ്ധതി വകുപ്പിന്റെ ക്ഷീരവികസന യൂണിറ്റാഫീസുകൾ മുഖാന്തിരം നടപ്പിലാക്കി വരുന്നു. അതുപോലെ മിൽമയുടെ എറണാകുളം, മലബാർ മേഖലാ യൂണിയനുകൾ പുൽക്കൃഷിവികസനത്തിന് അവരുടെ ബഡ്ജറ്റിൽ തുക വകയിരുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മിൽമയുടെ മലബാർ മേഖലാ യൂണിയൻ ഫോഡർ പ്രൊമോട്ടർമാർ വഴി സംരംഭകരെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും അവർ വ്യാവസായികാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്ന പച്ചപ്പുല്ല് കിലോയ്ക്ക് 3.50 രൂപയ്ക്ക് സംഭരിച്ച് ക്ഷീരസംഘങ്ങൾ വഴി ആവശ്യക്കാരായ കർഷകർക്ക് 2.50 രൂപയ്ക്ക് നല്കിവരുന്നു. കൂടാതെ ക്ഷീരകർഷകർക്ക് ഈ വർഷം 29 മെട്രിക് ടൺ വിവിധയിനം പുൽവിത്തുകൾ ലഭ്യമാക്കി-യിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ